"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ അച്ചനാംകോട് സെന്റ്മേരീസ് എൽ.പി സ്കൂളിലേക്ക് സ്ഥലംമാറ്റം ലഭിച്ച എൽ.പി.എസ്.ടി ശ്രീമതി.വി.എം.റീന ഫയൽ ചെയ്ത WP(C) 4399/2024 മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 02/02/2024-ലെ വിധിന്യായവും, രാമശ്ശേരി എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി മാരായ ശ്രീമതി.മോനിഷ, ശ്രീ.ശ്യാം സുരേഷ് എന്നിവർ ഫയൽ ചെയ്ത WP(C) 43564/2023 മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 22.12.2023-ലെ വിധിന്യായവും, പാലമറ്റം സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് ഏജൻസിയുടെ മാനേജർ ശ്രീ.വർഗ്ഗീസ്.റ്റി.പി ഫയൽ ചെയ്ത WP(C) 43740/2023 മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 22.12.2023-ലെ വിധിന്യായവും നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2513/2024/GEDN തീയതി,തിരുവനന്തപുരം, 01-04-2024

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ രാമശ്ശേരി എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി മാരായ ശ്രീമതി.മോനിഷ, ശ്രീ.ശ്യാം സുരേഷ് എന്നിവർ സർക്കാരിൽ സമർപ്പിച്ച 19/12/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P9).
2. പാലമറ്റം സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് ഏജൻസിയുടെ മാനേജർ ശ്രീ.വർഗ്ഗീസ്.റ്റി.പി സർക്കാരിൽ സമർപ്പിച്ച 19/12/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P7).
3. പാലക്കാട് ജില്ലയിലെ രാമശ്ശേരി എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി മാരായ ശ്രീമതി.മോനിഷ, ശ്രീ.ശ്യാം സുരേഷ് എന്നിവർ ഫയൽ ചെയ്ത WP(C) നം. 43564/2023 മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 22.12.2023- ലെ വിധിന്യായം.
4. പാലമറ്റം സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് ഏജൻസിയുടെ മാനേജർ ശ്രീ.വർഗ്ഗീസ്.റ്റി.പി ഫയൽ ചെയ്ത WP(C) 43740/2023 മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 22.12.2023-ലെ വിധിന്യായം.
5. പാലക്കാട് ജില്ലയിലെ അച്ചനാംകോട് സെന്റ്മേരീസ് എൽ.പി സ്കൂളിലേക്ക് സ്ഥലംമാറ്റം ലഭിച്ച എൽ.പി.എസ്.ടി ശ്രീമതി.വി.എം.റീന സർ ക്കാരിൽ സമർപ്പിച്ച 31/01/2024 തീയതിയിലെ പരിശോധനാ ഹർജി(Ext.P6).
6. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 4399/2024 മേലുള്ള 02/02/2024 തീയതി വിധിന്യായം.

ചിറ്റൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27/02/2024 തീയതിയിലെ

7. എഇഒസിറ്റിആർ/1145/2023/ഡി നമ്പർ കത്ത്.
8. ചിറ്റൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/03/2024, 12/03/2024 തീയതികളിലെ യഥാക്രമം എഇഒസിറ്റിആർ/147/2024/സി, എഇഒസിറ്റിആർ/2/2024/സി നമ്പർ കത്തുകൾ.
9. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 02/03/2024, 12/03/2024 തീയതികളിലെ യഥാക്രമം ജി1/5024/2024/ഡിജിഇ, ജി1/4787/2024/ഡിജിഇ നമ്പർ കത്തുകൾ.
10. കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02/03/2024, 12/03/2024 തീയതിതിലെ യഥാക്രമം എഇഒകെഎൽജി/1362/2023, എഇഒകെഎൽ ജി/24/2024/എഫ്, നമ്പർ കത്തുകൾ.
11. പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 03/03/2024 തീയതിയിലെ ഡിഡിഇപികെഡി/5138/2023-ബി3/1 നമ്പർ കത്ത്.
12. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/03/2024 ഡിഇഒപികെഡി/456/2024-ബി4 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

പാലക്കാട് ജില്ലയിലെ അച്ചനാംകോട് സെന്റ്മേരീസ് എൽ. പി സ്കൂളിലേക്ക് സ്ഥലംമാറ്റം ലഭിച്ച എൽ.പി.എസ്.ടി ശ്രീമതി.വി.എം.റീന ഫയൽ ചെയ്ത WP(C) 4399/2024 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 6 വിധിന്യായത്തിൽ ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ട് ടിയാൾ സമർപ്പിച്ച പരാമർശം 5 (Ext.P6) പരിശോധനാ ഹർജി തീർപ്പാക്കുവാൻ ഒന്നാം എതിർ കക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും 4.3.2024-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം നേരിൽ കേട്ടു. ടിയാളെ അച്ചനാംകോട് സെന്റ്മേരീസ് എൽ.പി സ്കൂളിലേക്ക് സ്ഥലം മാറ്റികൊണ്ടുള്ള പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ B3/5138/2023 തീയതി 28.1.2024 ഉത്തരവ് റദ്ദാക്കണമെന്നും, മാതൃ വിദ്യാലയമായ രാമശ്ശേരി എൽ.പി.സ്കൂളിൽ ജോലി ചെയ്യാൻ നിർദ്ദേശം നൽകണമെന്നതുമാണ് പരാമർശം 5 (Ext.P6 ) പരിശോധനാ ഹർജിയിലെ ആവശ്യം.

2. പാലക്കാട് ജില്ലയിലെ രാമശ്ശേരി എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി മാരായ ശ്രീമതി.മോനിഷ & ശ്രീ.ശ്യാം സുരേഷ് എന്നിവർ ഫയൽ ചെയ്തWP(C) No.43564/2023 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 3 വിധിന്യായത്തിൽ ഹർജിക്കാരെയും 7 മുതൽ 11 വരെയുള്ള എതിർകക്ഷികളെയും നേരിൽ കേട്ട് പരാമർശം 1(Ext.P9 ) പരിശോധനാ ഹർജി തീർപ്പാക്കണമെന്നും, ആയതിലെ തീരുമാനത്തിന് വിധേയമായി Ext.P6 നടപ്പിലാക്കണമെന്നും ഒന്നാം എതിർ കക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരെയും ബന്ധപ്പെട്ട കക്ഷികളെയും 6.3.2024-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം നേരിൽ കേട്ടു. ഹർജിക്കാരെ രാമശ്ശേരി സെന്റ് മേരീസ് എൽ.പി.എസ്-ൽ തന്നെ നിലനിർത്തണമെന്നും, 9,10 എതിർകക്ഷികളായ ശ്രീമതി.വി.എം.റീന, ശ്രീമതി.ജി.ബീന എന്നിവരെ അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ്-ലേക്ക് മാറ്റണമെന്നതുമാണ്

പരാമർശം 1(Ext.P9 ) റിവിഷൻ ഹർജിയിലെ ആവശ്യം.

3. പാലമറ്റം സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് ഏജൻസിയുടെ മാനേജർ ശ്രീ.വർഗ്ഗീസ്.റ്റി.പി ഫയൽ ചെയ്ത WP(C) No. 43740/2023മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 22.12.2023-ലെ വിധിന്യായത്തിൽ, ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ട് ഹർജിക്കാരൻ സമർപ്പിച്ച എക്സിബിറ്റ് പി7 റിവിഷൻ ഹർജിയിൽ തീരുമാനമെടുക്കുവാൻ ഒന്നാം എതിർ കക്ഷിയായ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും ഗൂഗിൾ മീറ്റ് മുഖാന്തിരം 13.3.2024-ൽ നേരിൽ കേട്ടു. അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ് ലെ എൽ.പി.എസ്.ടി ശ്രീ.ജോസുകുട്ടിയെ ടി സ്കൂളിലെ എച്ച്.റ്റി.വി ഒഴിവിൽ നിലനിർത്തണമെന്നതാണ് എക്സിബിറ്റ് പി7 റിവിഷൻ ഹർജിയിലെ ആവശ്യം.

4. ടി മൂന്ന് കേസുകളിലെയും ഹർജിക്കാരുടെ ആവശ്യങ്ങൾ പരസ്പരം ബന്ധപ്പെട്ടതായതിനാൽ ഒരുമിച്ച് പരിഗണിച്ചെങ്കിൽ മാത്രമേ ആയതിന്മേൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ അപ്രകാരം പരിശോധിച്ചതിൽ,

**I. WP © No.4399/2024**

**ഹർജിക്കാരിയായ ശ്രീമതി. വി എം. റീനയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.**

01.06.1998 ലാണ് സിംഗിൾ മാനേജ്മെന്റ് എയ്ഡഡ് സ്കൂൾ അദ്ധ്യാപികയായി എ.എൽ.പി.എസ് രാമശ്ശേരിയിൽ ഞാൻ ജോലിയിൽ ചേർന്നത്. ഇപ്പോൾ 51 വയസ്സുള്ള എനിക്ക് 26 വർഷത്തെ തുടർച്ചയായ ഔദ്യോഗിക ജീവിതത്തിൽ നാളിതുവരെ യാതൊരു അച്ചടക്ക നടപടിയും മേലധികാരികളിൽ നിന്ന് ഉണ്ടായിട്ടില്ല. വർഷങ്ങൾക്കു ശേഷം ഞാൻ ജോലി ചെയ്യുന്ന സ്കൂൾ മാനേജ്മെന്റ് കൈമാറ്റം നടക്കുകയുണ്ടായി. സെൻമേരീസ് എൽ.പി.എസ്.അച്ചനാംകോട് എന്ന മറ്റൊരു സ്കൂളിൽ നിന്നും ശ്രീമതി.സുധാഭായി എന്ന അദ്ധ്യാപികയെ എ.എൽ.പി.എസ് രാമശ്ശേരിയിൽ എച്ച്.എം ആയി മാനേജർ നിയമിച്ചപ്പോൾ 22.7.2019 മുതൽ ഞാൻ ഡിപ്ലോയ്ഡ് ടീച്ചറായി പുറത്തു പോകേണ്ടി വന്നു. ആ കാലഘട്ടങ്ങളിലെല്ലാം മേൽ ഉദ്യോഗസ്ഥരുടെ വാക്കുകൾ വിശ്വസിച്ചുകൊണ്ടും നിയമം അറിവില്ലാത്തതുകൊണ്ടും മേലധികാരികളുടെ തീരുമാനങ്ങൾ അനുസരിച്ച് ജോലി ചെയ്യുകയാണ് ഉണ്ടായത്. 2022 വർഷത്തിൽ സ്കൂൾ മാനേജർ ശ്രീ.വർഗ്ഗീസ് ടി.പി എന്നെ എച്ച്.റ്റി.വി വേക്കൻസിയിൽ അദ്ദേഹത്തിന്റെ മാനേജ്മെന്റ് സ്കൂളിൽ പോസ്റ്റ് ചെയ്യണമെന്ന് ആവശ്യം ഉന്നയിച്ച നടപടികൾ തുടങ്ങിയപ്പോൾ മാത്രമേ അദ്ദേഹത്തിന്റെ ഔദ്യോഗിക നടപടികളിലെ തെറ്റുകൾ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളൂ.

1.4.2019-ൽ മാനേജർക്ക് ഉടമസ്ഥാവകാശം ഇല്ലാത്ത സമയത്താണ് സെൻമേരീസ് എൽ.പി.എസ് അച്ചനാംകോട് നിന്നും ശ്രീമതി.സുധാഭായി എന്ന അദ്ധ്യാപികയെ എ.എൽ.പി.എസ് രാമശ്ശേരിയിൽ നിയമിച്ചിരുന്നത്. ഇതിന്റെ ഭാഗമായാണ് ഞാൻ എ.എൽ.പിഎസ് രാമശ്ശേരിയിൽ അധികമായതും ഡിപ്ലോയ്ഡ് ടീച്ചറായി മാറിയതും. G.O (Rt) 2771/2023/G.Edn. തീയതി 5.5.2023 പ്രകാരം ലീനയുടെ ലീൻ ക്രമപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ ഉത്തരവ് നാളിതുവരെ ആരും നടപ്പിലാക്കിയിട്ടില്ല.

25.1.2023-ന ഗൂഗിൾ മീറ്റ് സംവിധാനം വഴി നടന്ന ഹിയറിംഗിൽ ഡി.ഇ.ഒ പാലക്കാട് അറിയിക്കുന്നത് അന്നേ ദിവസം വരെ സ്കൂൾ മാനേജ്മെന്റിന് വകുപ്പുതല അംഗീകാരം

ലഭ്യമായിട്ടില്ല എന്നാണ്. കൂടാതെ കോർപ്പറേറ്റ് മാനേജരെ അംഗീകരിക്കാനുള്ള അപേക്ഷയിൽ 2009-ൽ ഡി.ഡി.ഇ പാലക്കാട് അംഗീകരിച്ച ഭരണഘടനയിൽ 2021-ൽ മാത്രം ഉടമസ്ഥാവകാശം ലഭിച്ച എ.എൽ.പി എസ് രാമശ്ശേരി ഉൾപ്പെട്ടതിനാൽ കോർപ്പറേറ്റ് മാനേജരെ അംഗീകരിക്കുന്നതിൽ വ്യക്തത കുറവുണ്ട് എന്നാണ്. കൂടാതെ നിലവിലും സംഗീത സൊസൈറ്റി കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള വിദ്യാലയങ്ങളുടെ കോർപ്പറേറ്റ് മാനേജർ ആയി ശ്രീ.ടി.പി വർഗ്ഗീസ് കുട്ടിയെ അംഗീകരിച്ചു നൽകുകയോ ഈ വിദ്യാലയങ്ങളുടെ കമ്പൈൻഡ് സീനിയോറിറ്റി ലിസ്റ്റ് 25.1.2023 വരെ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓർഡറിൽ പറയുന്നു. ഈ മാനേജ്മെന്റിനു കീഴിൽ കൊല്ലങ്കോട് ഉപജില്ലയിൽ അച്ചനാംകോട് സെൻമേരീസ് എൽ.പി.എസ്, കൊല്ലങ്കോട് റ്റി.എ.എൽ.പി.എസ്, ചിറ്റൂർ ഉപജില്ലയിലെ എ.എൽ.പി.എസ് രാമശ്ശേരി എന്നീ സ്കൂളുകളെ ഉൾപ്പെടുത്തി ഒറ്റ യൂണിറ്റ് ആക്കി പൊതു സീനിയോറിറ്റി ലിസ്റ്റ് ഇതുവരെ തയ്യാറാക്കി മാനേജർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ലാത്തതിനാലും തസ്തികയില്ലാതെ തുടരുന്ന അദ്ധ്യാപകരെ ക്രമീകരിക്കാൻ സാധിക്കാതെ വന്നിരിക്കുന്നതിനാലും എച്ച്.എം നിയമനം അംഗീകരിച്ചിട്ടില്ലെന്ന് ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. സംയുക്ത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അംഗീകാരം തേടാനും ഇതിന്മേൽ അടിയന്തിര നടപടി എടുക്കാനും പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുകയാണ് ഉണ്ടായത്. ഈ ഉത്തരവും നാളിതുവരെയും നടപ്പിലാക്കിയിട്ടില്ല.

ഡിപ്പാർട്ടുമെന്റിന്റെ അറിവും അനുവാദവും ഇല്ലാതെ എ.എൽ.പി.എസ് രാമശ്ശേരിയിൽ ജോലിചെയ്യുന്ന രണ്ടുപേരുടെ പരാതിയിന്മേൽ തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിദ്യാഭ്യാസ വകുപ്പിനോട് നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഇതിനു പുറമെ വീണ്ടും 1 സ്ഥിരം തസ്തിക ഒഴിവായി തന്നെ കിടക്കുന്നുണ്ട്. ഇതു മാനിക്കാതെ കോർപ്പറേറ്റ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാത്തതും അംഗീകരിക്കാത്തതുമായ മാനേജരുടെ മറ്റൊരു സ്കൂൾ ആയിട്ടുള്ള സെന്റ്മേരീസ് എൽ.പി.എസ് അച്ചനാംകോടിലേക്ക് ഡി.ഡി.ഇ പാലക്കാട് നിയമനം നൽകുകയാണുണ്ടായത്. 26 വർഷം തുടർച്ചയായി സർവ്വീസ് ഉള്ള ഞാൻ പ്രസ്തുത സ്കൂളിലെ ജൂനിയർ തസ്തികയിൽ ആയിരിക്കുമെന്നും പറയപ്പെടുന്നു. ഈ ഓർഡറിന്മേൽ എനിക്ക് പരാതിയുണ്ട്.

എ.എൽ.പി.എസ് പുതുഗ്രാമത്തിൽ ഡിപ്ലോയ്ഡ് ടീച്ചറായി ജോലി ചെയ്തു വന്നിരുന്ന ഞാൻ ജോലി ചെയ്യാനുള്ള സാഹചര്യം ഇല്ലാതെ വിഷമത്തിൽ ആണെന്ന് വ്യസന സമേതം അറിയിക്കുന്നു. എ.എൽ.പി.എസ് രാമശ്ശേരി എച്ച്.എം-ഉം ഞാനും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ച് കോടതി വിധികൾ നേടിയിട്ടും എ.എൽ.പി എസ് രാമശ്ശേരി മാനേജർ ശ്രീ.വർഗ്ഗീസ്.ടി.പി ഇവയൊന്നും അംഗീകരിക്കാൻ തയ്യാറാവുന്നില്ല. 2023 ഡിസംബർ മാസം മുതൽ സ്കൂളിൽ ജോലി ചെയ്തിട്ടും എനിക്ക് നാളിതുവരെ ശമ്പളം ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ മാനിച്ച് 5.2.2024 മുതൽ എവിടെയും എന്റെ ഹാജർ രേഖപ്പെടുത്താനുള്ള സാഹചര്യങ്ങൾ ഇല്ലാതായത് മുതലുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ച് സർവ്വീസ് ബ്രേക്ക് ഇല്ലാതെ എന്നെ എന്റെ മാതൃവിദ്യാലയമായ എ.എൽ.പി.എസ് രാമശ്ശേരിയിൽ ജോലി ചെയ്യുവാനുള്ള നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു.

**സ്കൂൾ മാനേജരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു:**

സെന്റ്മേരീസ് എൽ.പി.സ്കൂൾ രാമശ്ശേരിയിൽ പ്രധാന അദ്ധ്യാപിക അടക്കം അഞ്ച് അദ്ധ്യാപകർ ജോലി ചെയ്യുന്നു.

1. നാല് സ്ഥിരം തസ്തികയും

2. ഒരു അഡീഷണൽ തസ്തികയും, (4-ാം ക്ലാസ്സിൽ)

ഒന്നാം ക്ലാസ്സിൽ അടുത്ത വർഷം രണ്ട് ഡിവിഷൻ ഉള്ള വിദ്യാർത്ഥികൾ എത്തിയില്ലെങ്കിൽ ഈ അഡീഷണൽ തസ്തിക നിലനിൽക്കുന്നതല്ല. 1:1 അനുപാതം പാലിക്കേണ്ട തസ്തികയാണ്. ആയതിനാൽ സ്ഥിര നിയമനം നടത്താൻ മാനേജ്മെന്റ് ഉദ്ദേശിക്കുന്നില്ല. നാല് കുട്ടികളുടെ ബലത്തിൽ ഭിന്നശേഷി സംവരണത്തിനായി മാറ്റി വയ്ക്കാൻ ഉദ്ദേശിക്കുന്നു. ദിവസ വേതന അടിസ്ഥാനത്തിൽ സ്നേഹ.സി എന്ന അദ്ധ്യാപികയെ നിയമിച്ചിട്ടുണ്ട്. നിയമന അംഗീകാരം ഉജില്ല വിദ്യാഭ്യാസ ഓഫീസർ ചിറ്റൂർ നിരസിച്ചു. അപ്പീൽ നിലനിൽക്കുന്നു.

സംസ്ഥാനത്ത് ഇപ്രകാരം നിരസിക്കപ്പെട്ട നിയമന അംഗീകാരങ്ങൾ അപ്പീൽ ഫയൽചെയ്തുകൊണ്ട് 8000-ത്തോളം അദ്ധ്യാപകർ ജോലി ചെയ്യുന്നു.

1. പ്രധാന അദ്ധ്യാപിക സ്ഥാനക്കയറ്റം ലഭിച്ച സ്കൂളിൽ വന്നു, സ്ഥാനക്കയറ്റ അംഗീകാരം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു, ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിഗണിക്കുവാനായി നിർദ്ദേശം നൽകി ഉപജില്ല വിദ്യാഭ്യാസ ഓഫീസിലേക്ക് മടക്കി അയച്ചിരുന്നു.

2. ശ്രീമതി.സുജ മത്തായി നിയമന അംഗീകാരത്തോടെ ശമ്പളം വാങ്ങി ജോലി ചെയ്തു വരുന്നു.

3. ശ്രീമതി.മോനിഷ എം & ശ്യാം സുരേഷ്

2016-ൽ നിയമനാംഗീകാരം ലഭിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ് നിയമന അംഗീകാരം റദ്ദ് ചെയ്തു, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിയമന അംഗീകാരം പുനസ്ഥാപിച്ചു ഉത്തരവ് നൽകി. ഇപ്പോൾ ശമ്പളം ലഭിക്കാതെ ജോലി ചെയ്തു വരുന്നു. കോർപ്പറേറ്റ് മാനേജരെ അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ശമ്പളം നൽകുന്നില്ല. ഈ വിവരങ്ങൾ കാണിച്ചുകൊണ്ട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ചിറ്റൂർ മാനേജർക്ക് ഉത്തരവ് നല്കിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ കോർപ്പറേറ്റ് മാനേജരെ അംഗീകരിച്ചു. കൂടുതൽ ഉത്തരവുകൾക്കായി ബഹു.ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നു. എന്നാൽ ഇപ്രകാരം ഒരറിവും ഇല്ല എന്ന് രേഖപ്പെടുത്തിയ ചിറ്റൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറോട് ഈ വിവരം രേഖപ്പെടുത്തി സത്യവാങ്മൂലം സമർപ്പിക്കാൻ ആവശ്യപ്പെട്ടുന്നു.

കോർപ്പറേറ്റ് മാനേജ്മെന്റ് അംഗീകരിച്ച ശ്രീമതി.മോനിഷ.എം എന്ന അദ്ധ്യാപികയുടെ ശമ്പളം സംബന്ധിച്ചുള്ള ജില്ല വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച തടസ്സവാദത്തിലെ എതിർപ്പ് സാധൂകരിക്കുന്നതിനായി വിഷയം ബഹു.ഹൈക്കോടതി വാദം കേട്ടു ഉത്തരവിനായി മാറ്റി വച്ചിരിക്കുന്നു.

മേൽ അദ്ധ്യാപകരെ തസ്തികയിൽ നിന്നും നീക്കം ചെയ്യരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ രണ്ട് അദ്ധ്യാപികമാരും (മോനിഷ & ശ്യാം) മാനേജ്മെന്റിലേക്ക് അപേക്ഷ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവുകൾ അവർക്ക് അനുകൂലമായി നൽകുകയും ദിവസ വേതന അദ്ധ്യാപകരെ നീക്കം ചെയ്യുകയും ചെയ്തു. തുടർന്ന് ബഹു.പാലക്കാട് ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അവരുടെ പരാതി പരിഹരിക്കപ്പെട്ട് നിന്നിരുന്നതുമാണ്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബീന.ജി എന്ന അദ്ധ്യാപിക ബഹു.വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവും, കോർപ്പറേറ്റ് മാനേജരുടെ ഉത്തരവും പാലിച്ചുകൊണ്ട് സെന്റ് മേരീസ് എൽ.പി സ്കൂൾ അച്ചനാംകോട് ജോലിയിൽ പ്രവേശിച്ചു, ജോലി ചെയ്തു വരുന്നതിനാൽ ഈ സ്കൂളിൽ (സെന്റ് മേരീസ് അച്ചനാംകോട്) ഉണ്ടായിരുന്ന ഒരു അധ്യാപികയുടെ കുറവ് പരിഹരിക്കപ്പെട്ടു. ടി സ്കൂളിൽ 600 ഓളം വിദ്യാർത്ഥികളാണ് ഉള്ളത്. 12+ 1HTV & അറബി -1

എന്നീ വ്യവസ്ഥാപിതമായ തസ്തികകളാണുള്ളത്. കൂടാതെ 3 അഡീഷണൽ തസ്തികകൾ എഡ്യൂക്കേഷൻ സെക്രട്ടറി സമക്ഷം അപ്പീലിൽ ആണ്.

ഈ ഹിയറിംഗ് നോട്ട് തയ്യാറാക്കുന്ന 5.2.2024 തീയതി വരെ അപ്രൂവ്ഡ് അദ്ധ്യാപകർ 8 പേര് മാത്രമാണ് ടി സ്കൂളിൽ ജോലി ചെയ്യുന്നത്. കൂടാതെ ഈ മാനേജ്മെന്റിലുള്ള കൊല്ലങ്കോട് സെന്റ് ജോസഫ് എൽ.പി സ്കൂളിൽ താമരശ്ശേരി സെന്റ് മേരീസ് എൽ.പി സ്കൂളിൽ നിന്നും തസ്തിക നഷ്ടപ്പെട്ടു പുറത്തു പോയ ശേഷം റീഅപ്പോയിന്റ് ചെയ്ത ശ്രീമതി.ഷീബ സാം എന്ന അദ്ധ്യാപിക വിരമിച്ച ഒഴിവും ഒഴിഞ്ഞു കിടക്കുന്നു.

എന്നാൽ ഇവിടേക്ക് നിയോഗിത ആയ വി.എം.റീന മാത്രം തനിക്ക് അസുഖം ആയതിനാൽ ജോലിയിൽ പ്രവേശിക്കാൻ കഴിയുകയില്ല എന്ന കത്ത് വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ ശേഷം അപ്പീൽ തയ്യാറാക്കി ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നൽകി, ബഹു. കേരള ഹൈക്കോടതിയെ സമീപിച്ച് 2 ആഴ്ച/പൊതുവിദ്യാഭ്യാസ സെക്രട്ടറി ഈ കേസ് ഡിസ്പോസൽ ചെയ്യുന്നതുവരെ സ്റ്റേ വാങ്ങി ഇപ്പോൾ ജോലി ചെയ്യാതെ തുടരുന്നു. റിലീവ് ചെയ്ത ഈ അദ്ധ്യാപിക തനിക്ക് അനുകൂലമായ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ വിദ്യാഭ്യാസ സെക്രട്ടറിക്ക് അപ്പീൽ സമർപ്പിച്ച് രണ്ടാഴ്ചത്തേക്ക് സ്റ്റേ വാങ്ങിയപ്പോൾ എങ്ങുമില്ലാത്ത സാഹചര്യം സംജാതമായി.

ഇങ്ങനെ വന്ന സാഹചര്യത്തിൽ ഈ അദ്ധ്യാപികയുടെ ഹാജർ രേഖപ്പെടുത്തുന്നതിന് വേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചതിൻ പകരം ഒരു നിർദ്ദേശം മാനേജർക്കു ലഭിച്ചിട്ടുള്ളതും ആയത് പ്രകാരം ഈ അദ്ധ്യാപികയുടെ ഹാജർ രേഖപ്പെടുത്തുവാൻ പ്രധാനാദ്ധ്യാപികയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രധാന അദ്ധ്യാപിക രണ്ട് ദിവസത്തിൽ ഒരിക്കൽ ഈ ഹാജർ ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ, ചിറ്റൂർ കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ, മാനേജ്മെന്റ് ഓഫീസ് എന്നിവിടങ്ങളിലേക്ക് നൽകിവരുന്നു. മേൽപ്പറഞ്ഞ ഹാജർ വിവരങ്ങൾ ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

ശ്രീമതി.റീന.വി.എം സ്പെഷ്യൽ അറ്റന്റൻസ് as per the direction of Hon. High Court, 12.2.2024, 13.2.2024 തീയതികളിൽ സ്കൂളിൽ ഹാജരായിട്ടുണ്ട്. ആയതിനു ശേഷം ഈ അദ്ധ്യാപിക സ്കൂളിൽ ഹാജരായിട്ടില്ല എന്ന് പ്രധാനാദ്ധ്യാപിക റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ആയതിനെ സംബന്ധിച്ച് മുഴുവൻ അദ്ധ്യാപകരുടെയും സത്യവാങ്മൂലവും സ്കൂളിലെ സി.സി.ടി.വി ഫുടേജ് അടക്കം സമർപ്പിക്കാൻ മാനേജർ എന്ന നിലയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ ഒട്ടുമിക്ക ദിവസവും റീന.വി.എം എന്ന അദ്ധ്യാപിക എന്റെ ഹാജർ രേഖപ്പെടുത്തണമെന്നു ആവശ്യപ്പെട്ട് ഇ-മെയിൽ സന്ദേശം അയക്കുന്നത് തുടരുന്നുണ്ട്. ജോലി പോയിട്ട്, സ്കൂളിൽ പോലും പോകാതെ ഹാജർ ലഭിച്ച് ശമ്പളം കൈപ്പറ്റണമെന്ന ഇത്തരം അദ്ധ്യാപകരുടെ നിലപാടാണ് രാമശ്ശേരി സെന്റ് മേരീസ് സ്കൂളിനെ തസ്തികകൾ നഷ്ടപ്പെടുവാനും നിലവാര തകർച്ചയിലേക്ക് പോകുവാനും ഇടയാക്കിയതെന്നു ഒരു സങ്കോചവും കൂടാതെ പറയുവാൻ കഴിയും.

ഇപ്രകാരം അദ്ധ്യാപിക ഹാജരാകാത്ത ദിവസങ്ങളിൽ അൺ ഓതറൈസ്ഡ് ആബ്സെന്റ് സാധൂകരിച്ചു കൊടുക്കുന്നതിലൂടെ വിദ്യാഭ്യാസ വകുപ്പ് സ്കൂൾ ജീവനക്കാർക്ക് ഏതു തരത്തിൽ വേണേലും ഹാജർ പോലും ഇല്ലാതെ ശമ്പളം കൈപ്പറ്റാം എന്ന നിലപാടിലേക്ക് എത്തിനിൽക്കുന്നത്. ഈ അദ്ധ്യാപികയുടെ സർവ്വീസ് ബ്രേക്ക് സാധിക്കുമ്പോൾ സ്കൂളിന്റെ പക്ഷത്തുനിന്നുള്ള ഡിജിറ്റൽ തെളിവുകൾ, സാക്ഷി മൊഴികൾ കൂടി ഹാജരാക്കുവാൻ ഉള്ള അവസരം നൽകികൊണ്ട് പ്രവർത്തിക്കണം എന്ന് ഇതിനാൽ അഭ്യർത്ഥിക്കുന്നു. അല്ലാത്ത പക്ഷം ഭാവിയിൽ തെറ്റായ പ്രവണത മറ്റ് അദ്ധ്യാപകർ കൂടി തുടരുവാനുള്ള സാദ്ധ്യത കൂടുതൽ

ആണ്.

അതേപോലെ 600 ഓളം കുട്ടികൾ പഠിക്കുന്ന ഈ മാനേജ്മെന്റിനു കീഴിലുള്ള സെന്റ് മേരീസ് എൽ.പി സ്കൂൾ അച്ചനാംകോടിലെ വിദ്യാർത്ഥികൾ അദ്ധ്യാപകരുടെ കുറവ് കൊണ്ട് വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടാതെ കഴിയേണ്ട സാഹചര്യം തുടരുന്നത് ഈ പരിഷ്കൃത സമൂഹത്തിനും, വിദ്യാഭ്യാസ മേഖലയ്ക്കും അപമാനമാണ്.

ആയതുപോലെ തന്നെ വിദ്യാർത്ഥികൾ വളരെ കൂടുതലായതുകൊണ്ട് ഉടനെ ഈ സ്കൂളിലെ ഒഴിവ് കിടക്കുന്ന തസ്തികയിൽ അദ്ധ്യാപകരെ നിയമിക്കണമെന്നും, വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള വിദ്യാർത്ഥികളുടെ അവകാശം സംരക്ഷിക്കണമെന്നും മാനേജരോട് പ്രധാന അദ്ധ്യാപിക എഴുതി ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഏത് ജീവനക്കാരിയെ എവിടെ നിയമിക്കണം എന്നത് മാനേജരുടെ അധികാര അവകാശമാണെന്ന് ബഹു.ഇന്ത്യൻ പരമോന്നത നീതിപീഠത്തിന്റെ 2020 (3) SCC-40കേസിൽ വിധി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ പ്രൊട്ടക്ടഡ് അദ്ധ്യാപികയ്ക്ക് സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനമില്ല എന്നും, മാതൃ മാനേജ്മെന്റ് സ്കൂളിൽ ജോയിൻ ചെയ്താൽ അല്ലാതെ സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനമില്ല എന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് അപ്പീൽ 978/2023-ൽ വ്യക്തമാക്കിയതുകൊണ്ട് ശ്രീമതി.വി.എം. റീനയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ രാമശ്ശേരി സ്കൂളിൽ നിയമിക്കപ്പെടാൻ അർഹതയുണ്ട് എന്ന് അവകാശപ്പെടാൻ കഴിയില്ല.

മേൽ സാഹചര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28.1.2024 ഉത്തരവ് നിലനിർത്തി മാനേജരുടെ അവകാശ അധികാരങ്ങൾ സംരക്ഷിച്ചുകൊണ്ട് വി.എം റീനയെ സെന്റ് നേരീസ് എൽ.പി സ്കൂൾ അച്ചനാംകോടിൽ നിയമിച്ച ഉത്തരവ് അംഗീകരിച്ചുകൊണ്ട് ഉത്തരവുണ്ടാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു.

**വിദ്യാഭ്യാസ അധികാരികൾ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ പറയും പ്രകാരമാണ്.**

ശ്രീ.ടി.പി വർഗ്ഗീസ് മാനേജർ ആയ സംഗീത സൊസൈറ്റി കോർപ്പറേറ്റ് മാനേജ്മെന്റ് നു കീഴിൽ പാലക്കാട് ജില്ലയിൽ ചിറ്റൂർ, കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിൽ ചുവടെ ചേർക്കുന്ന 3 സ്കൂളുകൾ നിലവിലുണ്ട്.

1.സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരി (ചിറ്റൂർ ഉപജില്ല)

2.സെന്റ് മേരീസ് എൽ.പി.എസ് അച്ചനാംകോട് (കൊല്ലങ്കോട് ഉപജില്ല)

3. സെന്റ് ജോസഫ് എ.എൽ.പി.എസ് കൊല്ലങ്കോട് (കൊല്ലങ്കോട് ഉപജില്ല)

ഇവയിൽ രാമശ്ശേരി സെന്റ് മേരീസ് എൽ.പി സ്കൂളിൽ നിന്നും വിവിധ കാലഘട്ടങ്ങളിലായി, കുട്ടികളുടെ കുറവ് മൂലം തസ്തിക നഷ്ടപ്പെടുകയും നിലവിൽ സംരക്ഷണാനുകൂല്യത്തോട് കൂടി മറ്റ് വിദ്യാലയങ്ങളിൽ ജോലി നോക്കുകയും ചെയ്യുന്ന താഴെ പറയുന്ന 3 സംരക്ഷിതാദ്ധ്യാപകർ ഉണ്ട്.

1. റീന.വി.എം
2. ജി.ബീന
3. ജോസുകുട്ടി എം.എ

2023-24 അദ്ധ്യയന വർഷത്തിൽ രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി സ്കൂളിൽ 3 എൽ.പി.എസ്.ടി ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകളിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ മേൽപ്പറഞ്ഞ 3 സംരക്ഷിതാദ്ധ്യാപകരെയും മാതൃവിദ്യാലയമായ രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി.സ്കൂളിലേക്ക് തിരിച്ചു വിളിച്ച് ഉത്തരവായി. പ്രസ്തുത ഉത്തരവിന് എതിരെ രാമശ്ശേരി സെന്റ് എ.എൽ.പി സ്കൂളിൽ നിന്നും സ്പാർക്ക് മുഖാന്തിരം ശമ്പളം ലഭിക്കാത്തതും, നിയമനാംഗീകാരം ഇല്ലാത്തതുമായ യഥാക്രമം ശ്രീമതി.എം.മോനിഷയും ശ്രീ.ശ്യം സുരേഷും

ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP © No.43564/23 ഫയൽ ചെയ്യുകയും ആയതിന്റെ 22.12.2023 തീയതിയിലെ വിധിന്യായ പ്രകാരം ടി വിഷയം സർക്കാരിന്റെ പരിഗണനയിലുമാണ് എന്ന് എ.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ 3 സംരക്ഷിതാദ്ധ്യാപകരെയും മാതൃവിദ്യാലയത്തിലേക്ക് തിരിച്ച് വിളിച്ച ഉത്തരവ് ഇറങ്ങിയ 18.12.2023-ന് തന്നെ ശ്രീമതി.വി.എം.റീന, ശ്രീമതി.ജി.ബീന എന്നിവർ അവർ പുനർവിന്യസിക്കപ്പെട്ട വിദ്യാലയങ്ങളിൽ നിന്നും വിടുതൽ ഉത്തരവ് വാങ്ങി 19.12.2023-ന് രാമശ്ശേരി സെന്റ്മേരീസ് എ.എൽ.പി സ്കൂളിൽ ജോയിൻ ചെയ്യുവാൻ ഹാജരായി. എന്നാൽ രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി.സ്കൂളിന്റെ എച്ച്.എം ചുമതലയുള്ള ശ്രീമതി.എം.സുധാഭായ് മേൽ 2 അദ്ധ്യാപകരെയും ഹാജർ രേഖപ്പെടുത്തുവാൻ സമ്മതിച്ചില്ല.

സംരക്ഷിതാദ്ധ്യാപകരിൽ മൂന്നാമത്തെ ആളായ ശ്രീ.ജോസുകുട്ടിയെ അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.സ്കൂൾ പ്രധാനാദ്ധ്യാപിക വിടുതൽ ചെയ്തില്ല. ശ്രീ.ജോസുകുട്ടി പ്രസ്തുത സ്കൂളിൽ എച്ച്.ടി.വി ഒഴിവിൽ തുടരുകയും ചെയ്യുന്നു.

ഇത്തരത്തിൽ നടപടികൾ തുടർന്ന് വരവെയാണ് ശ്രീമതി.എം.മോനിഷ, ശ്രീ.ശ്യാം സുരേഷ് എന്നിവർ ഫയൽ ചെയ്ത WP © 43564/23-ലെ വിധിന്യായം ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിക്കുന്നത്. ശ്രീമതി.എം.മോനിഷ, ശ്രീ.ശ്യാം സുരേഷ് എന്നിവർ സർക്കാരിൽ സമർപ്പിച്ച ഹർജി ഹിയറിംഗ് നടത്തി തീരുമാനം എടുക്കുന്നതിന് അനുസൃതമായി മാത്രം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നടപ്പിലാക്കാനാണ് വിധിന്യായം.

ഇതു കൂടാതെ, ശ്രീമതി.എം.സുധാഭായ് (എച്ച്.എം ഇൻചാർജ്ജ് സെന്റ് മേരീസ് എ.എൽ.പി.എസ് രാമശ്ശേരി) ഫയൽ ചെയ്ത WP © 240/2024 നമ്പർ കേസിന്മേൽ ബഹു.ഹൈക്കോടതി 4.1.2024-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ, 3 സംരക്ഷിതാദ്ധ്യാപകരെയും മാതൃവിദ്യാലയത്തിലേക്ക് തിരിച്ചു വിളിച്ച ഉത്തരവ് നടപ്പിലാക്കണമെന്ന് മാനേജർക്ക് നിർദ്ദേശം നൽകിയതായി AEO റിപ്പോർട്ട് ചെയ്തിരിക്കുന്നു.

തുടർന്ന് ശ്രീമതി വി.എം.റീന, ശ്രീമതി ജി.ബീന എന്നിവരെ യഥാക്രമം ചിറ്റൂർ ജി.വി.എൽ.പി.എസ്., ജി.യു.പി.എസ് തത്തമംഗലം എന്നീ വിദ്യാലയങ്ങളിലെ എച്ച്.ടി.വി ഒഴിവിലേക്ക് താൽക്കാലികമായി നിയമിച്ചിരുന്നു. പിന്നീട് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ 28.01.2024നു മേൽപ്പറഞ്ഞ 2 സംരക്ഷിതാദ്ധ്യാപകർ ശ്രീമതി വി.എം.റീന, ശ്രീമതി ജി.ബീന എന്നിവരെ ഇതേ മാനേജ്മെന്റിന്റെ കീഴിലുള്ള അച്ചനാംകോട് സെന്റ് മേരീസ് എ.എൽ.പി സ്കൂളിൽ പ്രവേശിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ജി.ബീന അച്ചനാംകോട് സെന്റ് മേരീസ് എ.എൽ.പി.സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. എന്നാൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽ ഉത്തരവിനെതിരെ സംരക്ഷിതാദ്ധ്യാപകരിൽ മറ്റൊരാളായ ശ്രീമതി വി.എം.റീന WP(C) 4399/2024ഫയൽ ചെയ്യുകയും 2.2.2024നു ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിൻമേലാണ് ഹിയറിംഗ് നടക്കുന്നത്.

2023-24 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി സ്കൂളിൽ ആകെ 5 ഡിവിഷനുകളും ആനുപാതികമായി 1 എച്ച്.എം, 4 എൽ.പി.എസ്.ടി പോസ്റ്റുകളുമാണ് അനുവദിച്ചിരിക്കുന്നത്. പ്രധാനാദ്ധ്യാപിക തസ്തികയിൽ നിയമനാംഗീകാരം ഇല്ലാതെ ശ്രീമതി എം.സുധാഭായ് സേവനമനുഷ്ഠിച്ച് വരുന്നു. തുടർന്നുള്ള 4 എൽ.പി.എസ്.ടി തസ്തികകളിൽ നിയമനാംഗീകാരത്തോടു കൂടി ശ്രീമതി സുജാ മത്തായി എന്ന അദ്ധ്യാപിക

മാത്രമാണ് സ്കൂളിൽ ജോലി നോക്കി വരുന്നത്.

ബാക്കിയുള്ള 3 തസ്തികകളിലെ നിയമനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു-

1. എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി വി സ്വപ്ന 31.03.2020ന് സ്വയം വിരമിക്കൽ എടുത്ത ഒഴിവിലേക്ക് നിയമനാംഗീകാരമില്ലാതെ അച്ചനാംകോട് സെന്റ് മേരീസ് എ.എൽ.പി.എസ് സ്കൂളിൽ ജോലി നോക്കിയിരുന്ന ശ്രീമതി എം.മോനിഷയെ 01.06.2020ന് മേൽ ഒഴിവിൽ നിയമിച്ചു. ടി ഒഴിവിൽ സംരക്ഷിതാദ്ധ്യാപകരിൽ സീനിയർ ആയ ശ്രീമതി വി എം.റീനയെ തിരിച്ച് മാതൃവിദ്യാലയത്തിലേക്ക് പ്രവേശിപ്പിക്കണമായിരുന്നു എന്നും ശ്രീമതി മോനിഷയെ നിയമിച്ചതോ, ട്രാൻസ്ഫർ ചെയ്തതായോ കാണിച്ചുകൊണ്ട് നാളിതുവരെ അറിയിപ്പുകളോ അപേക്ഷയോ മാനേജർ സമർപ്പിച്ചിട്ടില്ല എന്നും AEOറിപ്പോർട്ട് ചെയ്തിരിക്കുന്നു.

2. 2022-23 വർഷത്തിൽ രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി എം.കെ.ബിനിയെ 31.05.2020 സ്ഥാനക്കയറ്റവും ട്രാൻസ്ഫറും നൽകി അച്ചനാംകോട് സെന്റ് മേരീസ് എ.എൽ.പി സ്കൂളിലെ പ്രധാനാദ്ധ്യാപികയായി നിയമിച്ചിരുന്നു. ശ്രീമതി എം.കെ.ബിനി പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ച് 31.05.2022ന് പോയ ഒഴിവിലേക്കാണ് മാനേജർ ശ്രീ ശ്യാം സുരേഷ് എന്ന അദ്ധ്യാപകനെ നിയമിച്ചത്. സീനിയർ ആയിട്ടുള്ള അദ്ധ്യാപകർ പുറത്ത് സംരക്ഷണാനുകൂല്യത്തോട് കൂടി ജോലി നോക്കി വരുന്ന സാഹചര്യത്തിലും, ശ്രീമതി എം.കെ ബിനിയുടെ പ്രധാനാദ്ധ്യാപിക നിയമനം കൊല്ലങ്കോട് എ.ഇ.ഒ അംഗീകരിക്കാത്തതിനാലും ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണത്താലും ശ്രീ ശ്യാം സുരേഷിന്റെ നിയമനാംഗീകാര അപേക്ഷ നിരസിച്ചു. ഒഴിവ് വ്യവസ്ഥാപിതമല്ലെങ്കിലും സംരക്ഷണാനുകൂല്യത്തോട് കൂടി പുറത്ത് വേറെ സ്കൂളുകളിൽ ജോലി നോക്കി വരുന്ന ഇതേ മാനേജ്മെന്റിന്റെ പരിധിയിലുള്ള അദ്ധ്യാപകരെ ടി ഒഴിവിൽ ഉൾക്കൊള്ളാൻ ഉതകുന്നതാണ് എന്നും എ.ഇ.ഒ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. 2022-23 തസ്തിക നിർണ്ണയത്തിലെ 3ാം തരത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാൽ ഒരു അധികഡിവിഷനും ആനുപാതികമായി ഒരു അധിക എൽ.പി.എസ്.ടി തസ്തികയും അനുവദിച്ചു. പ്രസ്തുത ഒഴിവിലേക്ക് ജി.ഒ (പി) 199/2016 തീയതി 3.12.2016, കെ.ഇ.ആർ ചാപ്റ്റർ XXI റൂൾ 7 എന്നിവ പ്രകാരം സംരക്ഷിത അദ്ധ്യാപകരെ മാത്രമേ ചട്ടപ്രകാരം മാനേജർക്ക് നിയമിക്കാൻ സാധിക്കുകയുള്ളൂ എന്നും എന്നാൽ 23.1.2024 മുതൽ 31.3.2024 വരെ ദിവസവേതനാടിസ്ഥാനത്തിൽ കുമാരി സ്നേഹ.സി-യെ എൽ.പി.എസ്.ടി ആയി മാനേജർ നിയമിച്ചു എന്നും പ്രസ്തുത നിയമനം നിരസിച്ചു നൽകിയെന്നും എഇഒ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ശ്രീമതി.വി.എം റീന ബഹ.ഹൈക്കോടതിയിൽ സമർപ്പിച്ച WP © 5208/24-ലെ ഇടക്കാല ഉത്തരവ് പ്രകാരം ശ്രീമതി.വി.എം റീനയെ രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി സ്കൂളിൽ ഹാജർ രേഖപ്പെടുത്തുവാൻ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് എ.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംരക്ഷിതാദ്ധ്യാപകരിൽ ശ്രീ.ജോസുകുട്ടി.എം.എ അച്ചനാംകോട് സെന്റ് മേരീസ് എ.എൽ.പി സ്കൂളിൽ നിന്നും വിടുതൽ ഉത്തരവ് വാങ്ങാതെ നിലവിൽ എച്ച്.ടി.വി തസ്തികയിൽ തുടരുന്ന സാഹചര്യമാണ് ഉള്ളത്. ശ്രീമതി.ജി.ബീന പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28.1.24 തീയതിയിലെ ഉത്തരവ് പ്രകാരം അച്ചനാംകോട് സെന്റ് മേരീസ് എ.എൽ.പി സ്കൂളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി.വി.എം റീന മാത്രമാണ് നിലവിൽ ജോലിയിൽ പ്രവേശിക്കാത്തത് എന്നും നിലവിൽ 9.2.2024 തീയതിയിലെ ബഹ. ഹൈക്കോടതിയുടെ WP © 5208/2024 -ലെ ഇടക്കാല ഉത്തരവ് പ്രകാരം ശ്രീമതി.റീന.വി.എം, രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി സ്കൂളിൽ ഹാജരാകുന്ന വിവരം ബന്ധപ്പെട്ട പ്രധാനാദ്ധ്യാപിക ചിറ്റൂർ എ.ഇ.ഒ-യെ

അറിയിച്ചിട്ടുണ്ട്.

II. WP © No.43564/2023

**ഹർജിക്കാരായ ശ്രീമതി. മോനിഷ. എം, ശ്രീ. ശ്യം സുരേഷ് എന്നിവർ സമർപ്പിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.**

ജില്ല വിദ്യാഭ്യാസഉപഡയറക്ടറുടെ 18.12.2023-ലെ ഉത്തരവുമായി ബന്ധപ്പെട്ടിട്ടുള്ള അപ്പീലാണ് ഈ കേസുമായി പരിഗണിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ പുതിയ ഉത്തരവ് വന്ന സാഹചര്യത്തിൽ 18.12.2023-ലെ ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് അപ്പീൽ നൽകിയിരിക്കുന്ന മോനിഷ എൽ.പി.എസ്.ടി, ശ്യാം സുരേഷ് എൽ.പി.എസ്.ടി എന്നിവരായ ഞങ്ങളുടെ പരാതി പരിഹരിക്കപ്പെട്ടതായിട്ടാണ് ഞങ്ങൾക്ക് ബോധിപ്പിക്കാനുള്ളത്.

ടി ഉത്തരവ് എല്ലാ വിഷയങ്ങളും വിശദമായി പരിഗണിച്ചും വിശദമാക്കികൊണ്ടും ഉള്ളതാകയാൽ അങ്ങയുടെ ഓഫീസ് ഈ ഉത്തരവിനെ സാധൂകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഞങ്ങളുടെ ഈ അപ്പീലിന് പ്രസക്തിയുള്ളൂ എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. കൂടാതെ നിയമന അധികാരി എന്ന നിലയിൽ ഞങ്ങളുടെ അപേക്ഷ അനുതാപപൂർവ്വം പരിഗണിച്ച് തീരുമാനം എടുത്തിരിക്കുന്ന മാനേജരുടെ ഉത്തരവും ഞങ്ങൾക്ക് അനുകൂലമായി നിലനിൽക്കുന്നു.

ആയതിനാൽ വർഷങ്ങളായി ശമ്പളം ലഭിക്കാതെ ജോലി ചെയ്യുന്ന ഞങ്ങളെ വീണ്ടും മറ്റൊരു നൂലാമാലയിലേക്ക് തള്ളി വിടാതെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.12.2023-ലെ ഉത്തരവ് പരിപൂർണ്ണമായി റദ്ദാക്കി 28.1.2024-ലെ ഉത്തരവ് നിലനിർത്തി ഞങ്ങളുടെ പരാതി അനുതാപപൂർവ്വം പരിഗണിച്ച് പരിഹരിക്കണമെന്ന് ഞങ്ങൾ താഴ്മയായി അപേക്ഷിക്കുന്നു.

**സ്കൂൾ മാനേജരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു:**

സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളാണ് താഴെ പറയുന്നത്.

| | |
|---|---|
| (1) TALPS, Kollengode | AEO, Kollengode |
| (2) ALPS, Achanamkode, Kollengode (now renamed as St.Mary's LPSchool, Achanamkode) | AEO, Kollengode |
| (3) ALPS, Ramassery | AEO, Chittur |

ശ്രീമതി.മോനിഷയുടെ എൽ.പി.എസ്.എ ആയി സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരി സ്കൂളിലെ നിയമനം 11.7.2016 മുതൽ അംഗീകരിച്ചു. സർക്കാർ പിന്നീട് പ്രസ്തുത നിയമനം ക്യാൻസൽ ചെയ്തുവെങ്കിലും ബഹു.ഹൈക്കോടതി റിട്ട് ഹർജി നം.21896/2019 തീയതി 2.3.2023 വിധി പ്രകാരം സർക്കാർ ഉത്തരവ് അസ്ഥിരപ്പെടുത്തി. അപ്രകാരം ശ്രീമതി.മോനിഷ സെന്റ് മേരീസ് എൽ.പി.എസ്.രാമശ്ശേരി സ്കൂളിൽ തുടർന്നു വരുന്നു.

ശ്രീ.ശ്യാം സുരേഷിനെ 1.6.2022 മുതൽ സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരിയിൽ ഒരു പ്രൊമോഷൻ ഒഴിവിൽ നിയമിച്ചു. പ്രൊമോഷൻ അംഗീകരിക്കാത്തതിനാൽ പ്രസ്തുത നിയമനത്തിന് അംഗീകാരം നൽകിയിട്ടില്ല.

ശ്രീമതി.റീന.വി.എം, ശ്രീമതി.ബീന.ജി എന്നിവർ മാനേജ്മെന്റിൽ നിന്നും പുനർവിന്യസിച്ചിട്ടുള്ള പ്രൊട്ടക്റ്റഡ് അദ്ധ്യാപകരാണ്. അവരുടെ അവകാശം പരിഗണിച്ച് പല പ്രാവശ്യം അവരെ മാനേജ്മെന്റിന് ലഭ്യമായ ഒഴിവിൽ പുനർവിന്യസിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടറോട് അപേക്ഷ നൽകി. സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ആയത് നിരസിച്ചു. നാളിതുവരെ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചിട്ടില്ല.

അപ്രകാരമിരിക്കെ വിദ്യാഭ്യാസ ഉപഡയറക്ടർ 18.12.2023-ലെ ഉത്തരവ് പ്രകാരം ശ്രീമതി.റീന.വി.എം, ശ്രീമതി.ബീന.ജി എന്നിവരെ മാനേജ്മെന്റിലേക്ക് തിരികെ നിയമിക്കുവാൻ ഉത്തരവായി. ടി ഉത്തരവിൽ ഇവരെ സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരിയിൽ നിയമിക്കാനാണ് നിർദ്ദേശിച്ചത്. എന്നാൽ സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരിയിൽ ഇവരെ ഉൾക്കൊള്ളുവാൻ ലഭ്യമായ ഓഴിവില്ല. മാനേജർ ഇവർക്കായി മാറ്റി വച്ചിരിക്കുന്നത് സെന്റ് മേരീസ് എൽ.പി.എസ്.അച്ചനാംകോട് ഉള്ള ഒഴിവാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സ്കൂളിൽ നിന്നും പുനർവിന്യസിച്ചിട്ടുള്ള പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ മാനേജ്മെന്റിന്റെ ഏതു സ്കൂളിൽ തിരികെ നിയമിക്കണമെന്ന് നിർബന്ധിക്കാൻ അവകാശമില്ല. എഡ്യൂക്കേഷണൽ ഏജൻസിയുടെ വിവിധ സ്കൂളുകളിൽ ഏതെങ്കിലും ഒന്നിൽ ലഭ്യമായ ഒഴിവുകളിൽ അവരെ പുനർവിന്യസിക്കാൻ മാത്രമേ നിർദ്ദേശിക്കാൻ കഴിയൂ.

ടി ഉത്തരവിനെ തുടർന്ന് ശ്രീമതി.റീന.വി.എം, ശ്രീമതി.ബീന.ജി എന്നിവരെ സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരി സ്കൂളിൽ പ്രവേശിപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ടാണ് മാനേജർ സർക്കാരിൽ റിവിഷൻ സമർപ്പിച്ചിരുന്നത്. അപ്രകാരമിരിക്കെ വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് നം.ബി3/5138/2023 തീയതി 28.1.2024 പ്രകാരം സെന്റ് മേരീസ് എൽ.പി.എസ് അച്ചനാംകോട് സ്കൂളിൽ പുന:പ്രവേശിപ്പിക്കുവാൻ ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ മാനേജർ സമർപ്പിച്ച റിവിഷൻ അപ്രസക്തമായി.

പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രസ്തുത ഉത്തരവ് ചോദ്യം ചെയ്ത് ശ്രീമതി.റീന.വി.എം, സർക്കാരിൽ റിവിഷൻ സമർപ്പിച്ചു. ആയത് സമയബന്ധിതമായി പരിഗണിക്കുവാൻ റിട്ട് ഹർജിനം.4399/2024 സമർപ്പിച്ചു. അത് സർക്കാരിനോട് തീരുമാനമെടുക്കുവാൻ നിർദ്ദേശിച്ചു.

തന്റെ സീനിയോറിറ്റി പരിഗണിച്ച് തനിക്ക് സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരി സ്കൂളിൽ നിയമനം തരണമെന്നാണ് ശ്രീമതി.റീന.വി.എം ആവശ്യപ്പെട്ടിരിക്കുന്നത്. ശ്രീമതി.റീന.വി.എം ഡിപ്ലോയ് ചെയ്യപ്പെട്ട ഒരു പ്രൊട്ടക്റ്റഡ് അദ്ധ്യാപികയാണ്. മാതൃ സ്കൂളിൽ പുന:പ്രവേശിപ്പിക്കുന്നതുവരെ അവർക്ക് സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനമില്ല. റിട്ട് അപ്പീൽ നം.978/2023-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പരിഗണിച്ച് സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരി സ്കൂളിൽ നിയമിക്കണമെന്ന് നിഷ്കർഷിക്കാൻ അവർക്ക് അവകാശമില്ല.

അവരെ ഉൾക്കൊള്ളുവാൻ സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരി സ്കൂളിൽ ഒഴിവ് ലഭ്യമല്ല. എഡ്യൂക്കേഷൻ ഏജൻസിയുടെ ഒഴിവ് ലഭ്യമായ സ്കൂളിലേക്കാണ് അവരെ ഉൾക്കൊള്ളുവാൻ മാനേജർ നിർദ്ദേശം നൽകിയിട്ടുള്ളത്. ഭരണപരമായ സൗകര്യം അനുസരിച്ച് ഏത് ജീവനക്കാരനെ എവിടെ നിയമിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം

മാനേജർക്കാണ് ഉള്ളത്.

മേൽ സാഹചര്യത്തിൽ പൊട്ടക്റ്റഡ് അദ്ധ്യപികയായ ശ്രീമതി.റീന.വി.എം-നെ സെന്റ് മേരീസ് എൽ.പി.എസ് അച്ചനാംകോട് സ്കൂളിലേക്ക് തിരികെ വിളിക്കാനുള്ള മാനേജരുടെ തീരുമാനം നിലനിൽക്കുന്നതാണ് എന്ന് കണ്ടെത്തി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**കൊല്ലങ്കോട് ചിറ്റൂർ ഉപജില്ലാ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

ഹർജിക്കാരി ശ്രീമതി മോനിഷ.എം ന്റെ 11.07.2016ലെ അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.സ്കൂളിലെ നിയമനം കൊല്ലങ്കോട് AEO അംഗീകരിച്ച് നൽകിയിരുന്നു. 2015-16 വർഷത്തെ അധിക തസ്തികകളിൽ മാനേജർ നടത്തിയ 3 നിയമനങ്ങൾ (ശ്രീമതി മോനിഷ.എം., ശ്രീമതി അശിനി.ബി, സബിത.കെ എന്നിവരുടെ) സർക്കാർ റദ്ദാക്കുകയുണ്ടായി. പിന്നീട് ബന്ധപ്പെട്ട അധ്യാപകർ ഫയൽ ചെയ്ത WPC 21896/2019മ്മേലുള്ള ബഹു.ഹൈക്കോടതിയുടെ 02.03.2023ലെ വിധിന്യായം, സർക്കാർ കത്ത് ബി3/310/2019/പൊ.വി.വ തീയതി 02.08.2023 എന്നിവയുടെ അടിസ്ഥാനത്തിൽ 06.02.2021ലെ സ.ഉ.04/2021/പൊ.വി.വ ലെ വ്യവസ്ഥകൾ പ്രകാരം ടി അധ്യാപകരുടെ നിയമനങ്ങൾ നിയമന തീയതി മുതൽ നോഷണലായും 06.02.2021 മുതൽ സാമ്പത്തികാനുകൂല്യത്തോടെയും കൊല്ലങ്കോട് AE ഓഫീസിൽ നിന്നും അംഗീകരിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി മോനിഷ ഒഴികെ മറ്റ് രണ്ട് അധ്യാപകർ നിലവിൽ ശമ്പളം കൈപ്പറ്റിവരുന്നുണ്ട്.

എന്നാൽ നിയമനത്തീയതി മുതൽ ആനുകൂല്യങ്ങൾ അനുവദിക്കാത്തതിനെതിരെ ടി അധ്യാപകർ കോടതിയലക്ഷ്യകേസ് COC 1618/2023 ഫയൽ ചെയ്യുകയും, 02.03.2023ലെ വിധിന്യായം നടപ്പിലാക്കുന്നതിന് 21.03.2023 മുതൽ 9 മാസത്തെ സമയം അനുവദിക്കുകയുണ്ടായി. നിലവിൽ 02.03.2023ലെ വിധിന്യായത്തിനെതിരെ സർക്കാരും ഈ കാര്യാലയത്തിൽ നിന്നും WA 249/2024 നമ്പർ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും, സ്റ്റേ ഉത്തരവ് ലഭ്യമായിട്ടുള്ളതുമാണ്.

എൽ.പി.എസ് രാമശ്ശേരിയിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് സംരക്ഷണാനുകൂല്യത്തിൽ മറ്റ് സ്കൂളുകളിൽ ജോലി ചെയ്തുവന്നിരുന്ന വി.എം.റീന, ജി.ബീന കൂടാതെ സെന്റ് മേരീസ് എൽ.പി.എസ് അച്ചനാംകോടിലെ എച്ച ടി വി തസ്തികയിൽ ജോലി ചെയ്തുവന്നിരുന്ന ശ്രീ ജോസ് കുട്ട എം.എ എന്നിവരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.12.2023ലെ 3451/2023-ബി3 നമ്പർ ഉത്തരവ് പ്രകാരം സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരിയിലേക്ക് തിരിച്ച് വിളിച്ച് ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ രാമശ്ശേരി സ്കൂളിൽ തിരിച്ചു വിളിച്ച അധ്യാപകർ ജോയിൻ ചെയ്താൽ പോസ്റ്റ് നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് കാണിച്ച് ശ്രീമതി മോനിഷ.എം., ശ്രീ ശ്യം സുരേഷ് എന്നിവർ ഗവൺമെന്റിൽ റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും, ബഹു. ഹൈക്കോടതി മുമ്പാകെ രാമശ്ശേരിയിൽ തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് WPC 43564/2023 ഫയൽ ചെയ്യുകയുമുണ്ടായി.

2023-24 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി സ്കൂളിൽ ആകെ 5 ഡിവിഷനുകളും ആനുപാതികമായി 1 എച്ച്.എം., 4 എൽ.പി.എസ്.ടി പോസ്റ്റുകളുമാണ് അനുവദിച്ചിരിക്കുന്നത്. ആയതിൽ പ്രധാനാധ്യാപിക തസ്തികയിൽ നിയമനാംഗീകാരം ഇല്ലാതെ ശ്രീമതി എം.സുധാഭായ് സേവനമനുഷ്ഠിച്ച് വരുന്നു. തുടർന്നുള്ള 4 എൽ.പി.എസ്.ടി തസ്തികകളിൽ നിയമനാംഗീകാരത്തോടു കൂടി ശ്രീമതി സുജാ മത്തായി എന്ന അദ്ധ്യാപിക മാത്രമാണ് സ്കൂളിൽ ജോലി നോക്കി വരുന്നത്. ബാക്കിയുള്ള 3 തസ്തികകളിലെ നിയമനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി വി.സ്വപ്ന 31.03.2020ന് സ്വയം വിരമിക്കൽ എടുത്ത ഒഴിവിലേയ്ക്ക് ആ സമയത്ത് തന്നെ മാനേജർ 51 എ അവകാശികളായ സംരക്ഷിതാദ്ധ്യാപകരിൽ സീനിയർ ആയ ശ്രീമതി വി.എം.റീനയെ തിരിച്ച് മാതൃവിദ്യാലയത്തിലേയ്ക്ക് പ്രവേശിപ്പിക്കണമായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ മാനേജർ ആ സമയത്ത് നിയമനാംഗീകാരമില്ലാതെ അച്ചനാംകോട് സെന്റ് മേരീസ് എ.എൽ.പി.എസ് സ്കൂളിൽ ജോലി നോക്കിയിരുന്ന ശ്രീമതി എം.മോനിഷയെ 1.6.2020ന് മേൽ ഒഴിവിൽ നിയമിക്കുകയായിരുന്നു. ശ്രീമതി മോനിഷയെ നിയമിച്ചതോ, ട്രാൻസ്ഫർ ചെയ്തതായോ കാണിച്ചുകൊണ്ട് നാളിതുവരെ ഈ കാര്യാലയത്തിലേയ്ക്ക് മാനേജർ അറിയിപ്പുകളോ അപേക്ഷയോ സമർപ്പിച്ചിട്ടില്ല.

2. 2022-23 വർഷത്തിൽ രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി എം.കെ.ബിനിയെ 31.05.2022ന് സ്ഥാനക്കയറ്റവും ട്രാൻസ്ഫറും നൽകി അച്ചനാംകോട് സെന്റ് മേരീസ് എ.എൽ.പി.സ്കൂളിലെ പ്രധാനാധ്യാപികയായി നിയമിച്ചിരുന്നു. ശ്രീമതി എം.കെ.ബിനി പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ച് 31.05.2022ന് പോയ ഒഴിവിലേക്കാണ് മാനേജർ ശ്രീ ശ്യാം സുരേഷ് എന്ന അദ്ധ്യാപകനെ നിയമിച്ചത്. സീനിയർ ആയിട്ടുള്ള അദ്ധ്യാപകർ പുറത്ത് സംരക്ഷണാനുകൂല്യത്തോട് കൂടി ജോലി നോക്കി വരുന്ന സാഹചര്യത്തിലും, ശ്രീമതി എം.കെ.ബിനിയുടെ പ്രധാനാദ്ധ്യാപിക നിയമനം കൊല്ലങ്കോട് എ.ഇ.ഒ അംഗീകരിക്കാത്തതിനാലും ഒഴിവ് വ്യവസ്ഥാപിതമല്ല എന്ന കാരണത്താലും ശ്രീ ശ്യാം സുരേഷിന്റെ നിയമനാംഗീകാര അപേക്ഷ ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചു. ആയതിന് എതിരെ മാനേജർ അപ്പീലിന് പോയെങ്കിലും ചിറ്റൂർ എ.ഇ.ഒ യുടെ ഉത്തരവ് ശരിവെച്ച് കൊണ്ട് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപ്പീൽ നിരസിച്ചു. ശ്രീമതി എം.കെ.ബിനിയ്ക്ക് സ്ഥാനക്കയറ്റം നൽകിയത് കൊണ്ട് ഉണ്ടായ ഒഴിവ് വ്യവസ്ഥാപിതമല്ലെങ്കിലും സംരക്ഷണാനുകൂല്യത്തോട് കൂടി പുറത്ത് വേറെ സ്കൂളുകളിൽ ജോലി നോക്കി വരുന്ന, ഇതേ മാനേജ്മെന്റിന്റെ പരിധിയിലുള്ള അദ്ധ്യാപകരെ ഉൾക്കൊള്ളാൻ ഉതകുന്നതാണ്. കാരണം മേൽ സംരക്ഷിതാദ്ധ്യാപകർ എവിടെ ജോലി ചെയ്താലും ശമ്പളം വാങ്ങുന്നത് രാമശ്ശേരി സെന്റ് മേരീസ് സ്കൂളിൽ നിന്നാണ്. പ്രസ്തുത ഒഴിവിലേക്കും സംരക്ഷിതാദ്ധ്യാപകരെ സീനിയർ ക്രമത്തിൽ തിരിച്ച് വിളിക്കേണ്ടതാണ്.

3. 2022-23 തസ്തിക നിർണ്ണയത്തിലെ 3-ാം തരത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാൽ 1 അധിക ഡിവിഷനും ആനുപാതികമായി 1 അധിക എൽ.പി.എസ്.ടി തസ്തികയും അനുവദിക്കുകയുണ്ടായി. പ്രസ്തുത ഒഴിവിലേക്ക് ജി.ഒ(പി)നമ്പർ199/2016 തീയതി 3.12.2016, കെ.ഇ.ആർ ചാപ്റ്റർ XXI റൂൾ 7 പ്രകാരവും സംരക്ഷിതാദ്ധ്യാപകരെ മാത്രമെ ചട്ടപ്രകാരം മാനേജർക്ക് നിയമിക്കാൻ സാധിക്കുകയുള്ളു. എന്നാൽ മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിരുദ്ധമായി 23.1.2024 മുതൽ 31.3.2024 വരെ ദിവസവേതനാടിസ്ഥാനത്തിൽ കുമാരി സ്നേഹ.സി എൽ.പി.എസ്.ടി എന്ന അദ്ധ്യാപികയെ മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം 27.02.2024 തിയതിയിലെ ഡി/708336/2024 (സമന്വയ) നമ്പർ ഉത്തരവ് പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ 3 ഒഴിവുകളിലേയ്ക്കാണ് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ സൂചന 2 പ്രകാരം 3 സംരക്ഷിതാദ്ധ്യാപകരെയും മാതൃവിദ്യാലയത്തിലേയ്ക്ക് തിരിച്ചുവിളിച്ചത്. ഉത്തരവ് ഇറങ്ങിയ 18.12.2023ന് തന്നെ ശ്രീമതി വി.എം.റീന, ശ്രീമതി ജി.ബീന എന്നിവർ അവർ പുനർവിന്യസിക്കപ്പെട്ട വിദ്യാലയങ്ങളിൽ നിന്നും വിടുതൽ ഉത്തരവ് വാങ്ങി 19.12.2023ന്

രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി.സ്കൂളിൽ ജോയിൻ ചെയ്യുവാൻ ഹാജരായി, എന്നാൽ രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി സ്കൂളിന്റെ എച്ച്.എം ചുമതലയുള്ള ശ്രീമതി എം.സുധാഭായ് മേൽ 2 അദ്ധ്യാപകരെയും ഹാജർ രേഖപ്പെടുത്തുവാൻ സമ്മതിക്കാത്തതിനെ തുടർന്ന്, പ്രസ്തുത വിവരം മേൽ 2 സംരക്ഷിതാദ്ധ്യാപകരും പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. രാമശ്ശേരി സെന്റ് മേരീസ് സ്കൂൾ എച്ച്.എം ഇൻചാർജ്ജിന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പാലിക്കാതെ ഇരുന്നതിന് കാരണംകാണിക്കൽ നോട്ടീസ് നൽകുകയും 19.12.2023ന് ജോലിക്ക് ഹാജരായ 2 അദ്ധ്യാപകരെ എച്ച്.എം ഇൻ ചാർജ്ജ് ജോലിയിൽ പ്രവേശിപ്പിച്ചില്ല എന്നും അദ്ധ്യാപകർക്ക് ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടായി എന്നും, പ്രധാനാദ്ധ്യാപികയുടെ ചാർജ്ജ് ഉള്ള അദ്ധ്യാപികയുടെ നടപടി ചട്ടവിരുദ്ധവും ഗുരുതരകൃത്യവിലോപവുമാണെന്ന് കാണിച്ചും മേൽ 2 അദ്ധ്യാപകരെയും റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. സംരക്ഷിതാദ്ധ്യാപകരിൽ മൂന്നാമത്തെ ആളായ ശ്രീ ജോസുകുട്ടിക്ക് അച്ചനാംകോട് സെന്റ് മേരീസ് എ.എൽ.പി സ്കൂൾ പ്രധാനാദ്ധ്യാപിക വിടുതൽ ഉത്തരവ് നൽകിയിട്ടില്ല. ശ്രീ. ജോസുകുട്ടി പ്രസ്തുത സ്കൂളിൽ എച്ച്.ടി.വി ഒഴിവിൽ തുടരുകയും ചെയ്യുന്നു. ഇത്തരത്തിൽ നടപടികൾ തുടർന്ന് വരവെയാണ് ശ്രീമതി എം.മോനിഷ, ശ്രീ ശ്യാം സുരേഷ് എന്നിവർ ഫയൽ ചെയ്ത WP(C)43564/23 ലെ വിധിന്യായം ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിക്കുന്നത്. ശ്രീമതി എം മോനിഷ, ശ്രീ ശ്യാം സുരേഷ് എന്നിവർ സർക്കാരിൽ സമർപ്പിച്ച ഹർജി ഹിയറിംഗ് നടത്തി തീരുമാനം എടുക്കുന്നതിന് അനുസൃതമായി മാത്രം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നടപ്പിലാക്കാനാണ് വിധിന്യായം.

ഇതുകൂടാതെ, ശ്രീമതി എം.സുധാഭായ് (എച്ച്.എം ഇൻചാർജ്ജ് സെന്റ് മേരീസ് എ.എൽ.പി.എസ്.രാമശ്ശേരി) ഫയൽ ചെയ്ത WP(C)240/2024 നമ്പർ കേസ്സിന്മേൽ ബഹു.ഹൈക്കോടതിയുടെ 4.1.2024ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്കും യഥാക്രമം കാരണം കാണിക്കൽ നോട്ടീസ്, ശ്രീമതി വി.എം.റീന, ശ്രീമതി ജി.ബീന എന്നിവരെ ചിറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള കത്ത് എന്നിവ ഒരു മാസം സ്റ്റേ ചെയ്യുകയും, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് (3 സംരക്ഷിതാദ്ധ്യാപരെയും മാതൃവിദ്യാലയത്തിലേക്ക് തിരിച്ചു വിളിച്ച ഉത്തരവ്) നടപ്പിലാക്കണമെന്ന് മാനേജർക്ക് നിർദ്ദേശം നൽകിയും ഉത്തരവായിരുന്നു. എന്നാൽ മേൽ ഉത്തരവ് നിലവിൽ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഇപ്പോൾ സർക്കാർ പരിഗണനയിലാണ്. കൂടാതെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവുകളും സ്റ്റേ ചെയ്ത സാഹചര്യത്തിൽ 24.1.24ന് എഇഒസിടി.ആർ/1124/23-ഡി നമ്പർ കത്ത് പ്രകാരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിരുന്ന ശ്രീമതി വി.എം.റീന, ശ്രീമതി ജി.ബീന എന്നിവരെ യഥാക്രമം ചിറ്റൂർ ജി.വി.എൽ.പി.എസ്, ജി.യു.പി.എസ് തത്തമംഗലം എന്നീ വിദ്യാലയങ്ങളിലെ എച്ച്.ടി.വി ഒഴിവിലേക്ക് താൽക്കാലികമായി നിയമിച്ചിരുന്നു. തുടർന്ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ 28.1.24ന് ഉത്തരവ് ഇറക്കി ആയതിൽ മേൽപ്പറഞ്ഞ 2 സംരക്ഷിതാദ്ധ്യാപകർ ശ്രീമതി വി എം റീന, ശ്രീമതി ജി.ബീന എന്നിവരെ ഇതേ മാനേജരുടെ കീഴിലുള്ള അച്ചനാംകോട് സെന്റ് മേരീസ് എ.എൽ.പി. സ്കൂളിൽ പ്രവേശിപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംരക്ഷിതാദ്ധ്യാപകരിൽ ഒരാളായ ശ്രീമതി ജി.ബീന അച്ചനാംകോട് സെന്റ് മേരീസ് എ.എൽ പി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചതായി പ്രധാനാദ്ധ്യാപിക 30.01.2024ന് അറിയിച്ചിട്ടുണ്ട്.

എന്നാൽ, ടി ഉത്തരവിനെതിരെ സംരക്ഷിതാദ്ധ്യാപകരിൽ മറ്റൊരാളായ ശ്രീമതി വി എം റീന WP(C) 4399/2024 ഫയൽ ചെയ്യുകയും, ആയതിന് 2.2.24ന് ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ശ്രീമതി വി എം. റീന സർക്കാർ മുൻപാകെ ബോധിപ്പിച്ച റിവിഷൻ ഹർജി അന്വേഷിച്ച് ഉത്തരവ് ഇറക്കുന്നത് വരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28.1.2024ലെ ഉത്തരവ് സ്റ്റേ ചെയ്ത് ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ വി.എം.റീന ബഹു.ഹൈക്കോതിയിൽ സമർപ്പിച്ച WP(C) 5208/24കേസ്സിലെ ഇടക്കാല ഉത്തരവ് പ്രകാരം ശ്രീമതി വി എം റീനയെ രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി.സ്കൂളിൽ ഹാജർ രേഖപ്പെടുത്തുവാൻ മാനേജർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.**

സംഗീത സൊസൈറ്റി പ്രസിഡന്റ് ശ്രീ.ടി.പി.വർഗ്ഗീസ്-നെ കൊല്ലങ്കോട് ഉപജില്ലയിലെ സെന്റ് മേരീസ് എ.എൽ.പി.എസ്. അച്ചനാംകോട്, ടി.എ.എൽ.പി.എസ് കൊല്ലങ്കോട്, രാമശ്ശേരി സെന്റ് മേരീസ് എ.എൽ.പി.എസ് എന്നീ സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജരായി 14.6.2021 മുതൽ 13.6.2024 വരെയുള്ള കാലയളവിലേക്ക് അംഗീകരിച്ച് ഉത്തരവ് നമ്പർ ബി5/1957/2022 തീയതി 4.3.2023 പ്രകാരം പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിരുന്നു.

മേൽപ്പറഞ്ഞ 3 സ്കൂളുകളിലെ ജീവനക്കാരുടെ 1.1.2021, 1.1.2022, 1.1.2023 എന്നീ വർഷങ്ങളിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കുന്നതിനായി 16.3.2023 തീയതിയിലെ കത്ത് പ്രകാരം മാനേജർ ഈ ഓഫീസിനോട് ആവശ്യപ്പെടുകയും സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കുകയുമുണ്ടായി. തുടർന്ന് മാനേജർ ബഹു.ഹൈക്കോടതിയിൽ WP © നമ്പർ 26778/2023 ഫയൽ ചെയ്യുകയും ആയതിൽ ബഹു.ഹൈക്കോടതി 4.10.2023 തീയതിയിലെ ഇടക്കാല ഉത്തരവിൽ രണ്ട് മാസത്തിനകം ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

മേൽപ്പറഞ്ഞ 3 സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജരായി സംഗീത ഇൻഡസ്ട്രിയൽ സോഷ്യൽ വെൽഫയർ ആന്റ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിഡന്റായ ശ്രീ.ടി.പി വർഗ്ഗീസ് കുട്ടിയെ അംഗീകരിച്ചിരിക്കുന്നത് 16.4.2021 മുതലാണ് എന്നതിനാൽ 1.1.2021 ന് മുൻപ് 3 സ്കൂളുകളും ഒരേ എഡ്യൂക്കേഷണൽ ഏജൻസിക്കു കീഴിലല്ല എന്നതിനാൽ 1.1.2021 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കാൻ നിർവ്വാഹമില്ല. ഇതേ മാനേജ്മെന്റിന് കീഴിലെ സ്കൂളായ രാമശ്ശേരി എ.എൽ.പി.എസ്-ലെ തസ്തിക നഷ്ടപ്പെട്ട പുനർവിന്യാസം വഴി സംരക്ഷിതാദ്ധ്യാപകരായി മറ്റ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ശ്രീമതി. റീന.വി.എം, ശ്രീമതി.ജി.ബീന, ശ്രീ.ജോസുകുട്ടി.എം.എ എന്നീ എൽ.പി.എസ്.ടി മാരെ മാതൃസ്കൂളിലേക്ക് തിരിച്ചു വിളിക്കാൻ മുൻപ് ഒഴിവ് വന്നിട്ടുണ്ടായിരുന്നുവെങ്കിലും അവരെ തിരിച്ചു വിളിക്കാതെ മറ്റ് അദ്ധ്യാപകരെ നിയമിച്ചിരിക്കുന്നു എന്നതിനാലും സംരക്ഷിതാദ്ധ്യാപകരായി മറ്റ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നതിനാലും പുറത്ത് നിൽക്കുന്ന സംരക്ഷിതാദ്ധ്യാപകരെ തിരിച്ചുവിളിക്കാതെ അവരെ ഒഴിവാക്കികൊണ്ട് സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചാൽ ഈ 3 അദ്ധ്യാപകരുടെയും സീനിയോറിറ്റി ഹനിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകും എന്നതിനാൽ 1.1.2022 തീയതിയിലെ സീനിയോറിറ്റി ലിസ്റ്റും 1.1.2023 തീയതിയിലെ സീനിയോറിറ്റി ലിസ്റ്റും അംഗീകരിക്കാൻ കഴിയാത്തതിനാൽ 1.1.2021, 1.1.2022, 1.1.2023 തീയതികളിലെ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കാതെ നിരസിച്ച് ഉത്തരവ് നമ്പർ DEOPKD/209/2023 തീയതി 18.1.2023 പ്രകാരം പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ ഉത്തരവായിട്ടുണ്ട്.

III. WP © No.43740/2023

**ഹർജിക്കാരനായ സ്കൂൾ മാനേജരുടെ വാദങ്ങൾ താഴെ കൊടുക്കുന്നു.**

ശ്രീ.എം.എ ജോസ്സുകുട്ടി സെന്റ് മേരീസ് എൽ.പി.എസ് അച്ചനാംകോട് സ്കൂളിൽ എച്ച്.ടി.വി ഒഴിവിൽ നിലവിൽ ജോലി ചെയ്യുന്നു. മുൻപ് ഈ മാനേജ്മെന്റിന് കീഴിലുള്ള സ്കൂളിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് സംരക്ഷിതാദ്ധ്യാപകനായി പുനർവിന്യസിച്ചിരുന്ന അവസരത്തിലാണ് അദ്ദേഹത്തെ ഇപ്രകാരം എച്ച്.ടി.വി തസ്തികയിൽ നിയമിച്ചത്.

വിദ്യാഭ്യാസ ഉപഡയറക്ടർ 18.12.2023 ഉത്തരവ് പ്രകാരം ജോസ്സുകുട്ടിയെ സെന്റ് മേരീസ് എൽ.പി.എസ് അച്ചനാംകോടിൽ നിന്നും സ്ഥലം മാറ്റാൻ ആവശ്യപ്പെട്ട് ഉത്തരവ് പുറപ്പെടുവിച്ചു. അദ്ദേഹം എച്ച്.ടി.വി തസ്തികയിൽ ജോലി ചെയ്യുന്നതുകൊണ്ടാണ് ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതെന്ന് മനസ്സിലാക്കുന്നു.

എച്ച്.ടി.വി തസ്തികയിൽ ജോലി ചെയ്യുന്നവരെ മറ്റൊരു തസ്തികയിലേക്ക് മാറ്റി നിയമിക്കേണ്ടതില്ല എന്ന് സർക്കാർ പലപ്രാവശ്യം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. ജി.ഒ (ആർ.ടി) നം.2284/2022/പൊ.വി.വ തീയതി 6.4.2022 ജി.ഒ (ആർ.ടി) നം.4169/2022/പൊ.വി.വ തീയതി 16.7.2022, ജി.ഒ (ആർ.ടി) നം.6868/2022/പൊ.വി.വ തീയതി 16.11.2022, ജി.ഒ (ആർ.ടി) നം.3043/2022/പൊ.വി.വ തീയതി 18.5.2022 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തി ശ്രീ.എം.എ ജോസുകുട്ടിയെ സെന്റ് മേരീസ് എൽ.പി.എസ് അച്ചനാംകോടിൽ നിലനിർത്തി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**ശ്രീ. എം.എജോസുകുട്ടി, എൽ.പി.എസ്.ടി യുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.**

പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.1.2019-ലെ ഉത്തരവ് പ്രകാരമാണ് ഞാൻ സെന്റ് മേരീസ് എൽ.പി.സ്കൂളിൽ, അച്ചനാംകോട്, ജോലി നോക്കി വരുന്നത്. എനിക്ക് ഇനി ഒരു അദ്ധ്യയന വർഷത്തെ സർവ്വീസ് മാത്രമേ ബാക്കിയുള്ളൂ എന്നുള്ളതുകൊണ്ട് ഞാൻ ഇപ്പോൾ ജോലി ചെയ്യുന്ന അച്ചനാംകോട് സെന്റ് മേരീസ് സ്കൂളിൽ നിന്നും മാറി സെന്റ് മേരീസ് സ്കൂൾ രാമശ്ശേരിയിൽ ഈയൊരു വർഷത്തേക്ക് മാത്രമായി ജോയിൻ ചെയ്ത് ജോലി ചെയ്യുവാൻ താല്പര്യപ്പെടുന്നില്ല. അതുപോലെ ഞാൻ ഇപ്പോൾ ജോലി ചെയ്യുന്ന മാനേജ്മെന്റിൽ ജോലി ചെയ്തിരുന്ന സ്കൂളിലെ അടക്കമുള്ള എന്റെ സീനിയോറിറ്റി നഷ്ടപ്പെടുത്താതെ തുടർന്ന് സെന്റ് മേരീസ് എൽ.പി.സ്കൂൾ അച്ചനാംകോട്ടിൽ ജോലി ചെയ്യുവാനും, തടസ്സം കൂടാതെ വേതനം ലഭിക്കുവാനും ഉള്ള സാഹചര്യം ഉണ്ടാകണം എന്നല്ലാതെ ഏത് സ്കൂളിൽ ജോലി ചെയ്യണം എന്നുള്ള വിവേചന മനോഭാവം എനിക്കില്ല എന്നു ഇതിനാൽ അറിയിക്കുന്നു.

മേൽ ഘടകങ്ങളെല്ലാം പരിഗണിച്ച് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.12.2023 ലെ ഉത്തരവ് പരിപൂർണ്ണമായി പിൻവലിച്ച് 28.1.2024 ലെ ഉത്തരവ് നിലനിർത്തി ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

**വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.**

2019-20 വർഷത്തിൽ സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരിയിലെ തസ്തിക നിർണ്ണയത്തിൽ 3 എൽ.പി.എസ്.ടി തസ്തിക കുറവ് വന്നതിന്റെ അടിസ്ഥാനത്തിൽ 16.9.2019 ന് അദ്ധ്യാപകരെ ക്രമീകരിച്ച് ഉത്തരവാകുകയുണ്ടായി. ഇപ്രകാരം രാമശ്ശേരി സ്കൂളിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് സംരക്ഷണാനുകൂല്യത്തിൽ മറ്റ് സ്കൂളുകളിൽ ജോലി ചെയ്തു വന്നിരുന്ന വി.എം.റീന,

ജി.ബീന കൂടാതെ സെന്റ് മേരീസ് എൽ.പി.എസ് അച്ചനാംകോടിലെ എച്ച്.ടി.വി തസ്തികയിൽ ജോലിചെയ്തു വന്നിരുന്ന ശ്രീ.ജോസ് കുട്ടി എം.എ എന്നിവരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.12.2023-ലെ 2451/2023/ബി3 നമ്പർ ഉത്തരവ് പ്രകാരം സെന്റ് മേരീസ് എൽ.പി.എസ്. രാമശ്ശേരിയിലേക്ക് തിരിച്ച് വിളിച്ച് ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ രാമശ്ശേരി സ്കൂളിൽ തിരിച്ചുവിളിച്ച അധ്യാപകർ ജോയിൻ ചെയ്താൽ പോസ്റ്റ് നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് കാണിച്ച് സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരിയിൽ ജോലി ചെയ്ത് വരുന്ന ശ്രീമതി. മോനിഷ.എം, ശ്രീ.ശ്യാം സുരേഷ് എന്നിവർ ഗവൺമെന്റിൽ റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും, ബഹു ഹൈക്കോടതി മുമ്പാകെ രാമശ്ശേരിയിൽ തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് WP © 43564/2023 ഫയൽ ചെയ്യുകയുമുണ്ടായി.

അദ്ധ്യാപകരെ രാമശ്ശേരി സ്കൂളിലേക്ക് തിരിച്ചുവിളിച്ച വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതിനാൽ ശ്രീ.ജോസ് കുട്ടിയെ സെന്റ് മേരീസ് എൽ.പി സ്കൂളിൽ നിന്നും വിടുതൽ ചെയ്യാൻ നിർവ്വാഹമില്ല എന്ന് പ്രധാനാദ്ധ്യാപിക റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് രണ്ട് അദ്ധ്യാപകരെ രാമശ്ശേരി സ്കൂൾ പ്രധാനാദ്ധ്യാപിക ജോലിയിൽ പ്രേശിപ്പിക്കാത്തതിനാൽ ഇവർ മാതൃ വിദ്യാലയത്തിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതുവരെ ചിറ്റൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ ഹാജരാകാൻ വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിക്കുകയും, പിന്നീട് ബി3/5138/2023 തീയതി 28.1.2024 നമ്പർ ഉത്തരവ് പ്രകാരം ടി അദ്ധ്യാപകരെ ഈ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സെന്റ് മേരീസ് എൽ.പി.എസ് അച്ചനാംകോടിൽ നിയമിച്ച് ഉത്തവാകുകയുമുണ്ടായി. ശ്രീമതി.ജി.ബീന അച്ചനാംകോട് സ്കൂളിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി.വി.എം.റീന ജോലിയിൽ പ്രവേശിക്കാതെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28.1.2024-ലെ ബി3/5138/2023 നമ്പർ ഉത്തരവിനെതിരെ സർക്കാർ മുമ്പാകെ റിവിഷൻ പെറ്റീഷനും ബഹു.ഹൈക്കോടതിയിൽ WP © 4399/2024 നമ്പർ പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

നിലവിൽ ശ്രീ.ജോസു കുട്ടി മാതൃവിദ്യാലയമായ സെന്റ് മേരീസ് എൽ.പി.എസ് രാമശ്ശേരിയിൽ നിന്നാണ് ശമ്പളം കൈപ്പറ്റുന്നത്.

5. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മൂന്ന് സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജരായി സംഗീത ഇൻഡസ്ട്രിയൽ സോഷ്യൽ വെൽഫയർ ആന്റ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിഡന്റായ ശ്രീ.ടി.പി വർഗ്ഗീസ് കുട്ടിയെ അംഗീകരിച്ചിരിക്കുന്നത് 16.4.2021 മുതലാണ് എന്നതിനാലും, 1.1.2021 ന് മുൻപ് 3 സ്കൂളുകളും ഒരേ എഡ്യൂക്കേഷണൽ ഏജൻസിക്കു കീഴിലല്ല എന്നതിനാലും, 16/4/2021 മുതൽ മാത്രമേ 3 സ്കൂളുകളിലെയും ജീവനക്കാരുടെ Combined seniority list തയ്യാറാക്കാനാവുകയുള്ളൂ. രാമശ്ശേരി സെന്റ് മേരീസ് എൽ.പി.എസ്-ൽ 31.03.2020ന് നിലവിൽ വന്ന സ്വയം വിരമിക്കൽ ഒഴിവിലേയ്ക്ക് മാനേജർ സംരക്ഷിതാദ്ധ്യാപകരിൽ ഏറ്റവും സീനിയർ ആയ അധ്യാപകനെ മാതൃവിദ്യാലയത്തിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കണമായിരുന്നു. തുടർന്ന് ശ്രീമതി എം.കെ.ബിനിയ്ക്ക് സ്ഥാനക്കയറ്റം നൽകിയത് കൊണ്ട് ഉണ്ടായ ഒഴിവിൽ സീനിയോറിറ്റി അനുസരിച്ച് മറ്റ് രണ്ട് അധ്യാപകരിൽ നിന്നും ഒരാളെ നിയമിക്കണമായിരുന്നു. 2022-23 തസ്തിക നിർണ്ണയത്തിൽ അനുവദിച്ച അധിക എൽ.പി.എസ്.ടി തസ്തികയിൽ മൂന്നാമത്തെ സംരക്ഷിതാധ്യാപകനെയും തിരിച്ചുവിളിക്കേണ്ടതായിരുന്നു.

മേൽ സാഹചര്യത്തിൽ, സ്ഥലംമാറ്റം ക്രമീകരിച്ചു കൊണ്ട് വിദ്യാഭ്യാസ ഉപഡയറക്ടർ

പുറപ്പെടുവിച്ച 18.12.2023-ലെ DDEPKD/3451/2023/B3 നമ്പർ ഉത്തരവ്, ബി3/5138/2023 തീയതി 28.1.2024 നമ്പർ ഉത്തരവ് എന്നിവ റദ്ദ് ചെയ്തു കൊണ്ടും, 18.1.2019-ലെ ഉത്തരവ് പ്രകാരം ശ്രീ.ജോസുകുട്ടി അച്ചനാംകോട്, സെന്റ് മേരീസ് എൽ.പി.സ്കൂളിൽ, എച്ച്.റ്റി.വി തസ്തികയിൽ ജോലി നോക്കി വരുന്നതിനാൽ ടിയാനെയും, ശ്രീമതി.ജി.ബീന അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ് ൽ ജോലിയിൽ പ്രവേശിച്ച സാഹചര്യത്തിൽ ടിയാളെയും ടി സ്കൂളിൽ തന്നെ തുടരാനനുവദിക്കുവാനും, ശ്രീമതി.വി.എം.റീനയെ രാമശ്ശേരി സെന്റ് മേരീസ് എൽ.പി.എസ്-ലെ 31.03.2020ന് നിലവിൽ വന്ന സ്വയം വിരമിക്കൽ ഒഴിവിലേയ്ക്ക് നിയമിക്കുവാനും, ടിയാളെ നിയമിച്ചിരിക്കുന്ന അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.എസ്സിലെ ഒഴിവിൽ ശ്രീമതി.മോനിഷയെയും, ശ്രീമതി.എം.കെ.ബിനിയ്ക്ക് സ്ഥാനക്കയറ്റം നൽകിയത് കൊണ്ട് ഉണ്ടായ ഒഴിവിൽ ശ്രീ. ശ്യാം സുരേഷിനെയും ക്രമീകരിക്കുവാനും, മാതൃ സ്കൂളിൽ ഒഴിവുണ്ടായിട്ടും, സംരക്ഷിതാധ്യാപകരെ തിരിച്ചു വിളിച്ചു നിയമിക്കാൻ ഉത്തരവു നൽകിയിട്ടും ആയത് പാലിക്കാത്ത പ്രഥമാദ്ധ്യാപികക്കെതിരെയും, സംരക്ഷിതാധ്യാപകരെ തിരിച്ചു വിളിച്ചു നിയമിക്കേണ്ട ഒഴിവിൽ ചട്ടവിരുദ്ധമായി പുതിയ നിയമനം നടത്തിയ മാനേജർക്കെതിരെയും നടപടി സ്വീകരിക്കുവാനും, ചട്ടപ്രകാരം അതേ സ്കൂളിലെ സംരക്ഷിതാധ്യാപകരെ തിരികെ നിയമിക്കാതെ മറ്റു നിയമനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ടെങ്കിൽ ആയത് മാനേജരിൽ നിന്നും ഈടാക്കുവാനും പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു. ശ്രീമതി.വി.എം റീനയുടെ ഹാജർ സംബന്ധിച്ച വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ചിറ്റൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്കും, 2022-23 തസ്തിക നിർണ്ണയത്തിൽ അനുവദിച്ച അധിക എൽ.പി.എസ്.ടി തസ്തികയിൽ ക്രമീകരിക്കുന്നതിന് ടി കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിൽ തസ്തികനഷ്ടം സംഭവിച്ച 51 എ അവകാശികളാരുമില്ലാത്ത പക്ഷം സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി വിട്ടുനൽകാൻ കോർപ്പറേറ്റ് മാനേജർക്കും നിർദ്ദേശം നൽകി പാലക്കാട് ജില്ലയിലെ അച്ചനാംകോട് സെന്റ്മേരീസ് എൽ.പി സ്കൂളിലേക്ക് സ്ഥലംമാറ്റം ലഭിച്ച എൽ.പി.എസ്.ടി ശ്രീമതി.വി.എം.റീന സർക്കാരിൽ സമർപ്പിച്ച പരാമർശം 5 പുന:പരിശോധനാ ഹർജി(Ext.P6), പാലക്കാട് ജില്ലയിലെ രാമശ്ശേരി എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി മാരായ ശ്രീമതി.മോനിഷ, ശ്രീ.ശ്യാം സുരേഷ് എന്നിവർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാഹർജി(Ext.P9), പാലമറ്റം സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് ഏജൻസിയുടെ മാനേജർ ശ്രീ.വർഗ്ഗീസ്.റ്റി.പി സർക്കാരിൽ സമർപ്പിച്ച പരാമർശം 2 പുന:പരിശോധനാ ഹർജി(Ext.P7) എന്നിവ തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 3,4,6 വിധിന്യായങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചിറ്റൂർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട്, പാലക്കാട്.
ശ്രീ. റ്റി. പി വർഗ്ഗീസ് കുട്ടി, കോർപ്പറേറ്റ് മാനേജർ, സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് എയിഡഡ് സ്കൂൾസ്, പാലമറ്റം. പി ഒ, കോതമംഗലം, എറണാകുളം.
പ്രഥമാദ്ധ്യാപകൻ, സെന്റ്മേരീസ് എൽ പി എസ്സ്, രാമശ്ശേരി, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, സെന്റ്മേരീസ് എൽ പി എസ്സ്, അചനാംകോട്, പാലക്കാട്.
ശ്രീമതി.വി.എം.റീന, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ സെന്റ്മേരീസ് എൽ പി എസ്സ്, രാമശ്ശേരി, പാലക്കാട്.
ശ്രീമതി. മോനിഷ.എം., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ സെന്റ്മേരീസ് എൽ പി എസ്സ്, രാമശ്ശേരി, പാലക്കാട്.
ശ്രീ. ശ്യം സുരേഷ്, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ സെന്റ്മേരീസ് എൽ പി എസ്സ്, രാമശ്ശേരി, പാലക്കാട്.
ശ്രീമതി. ജി. ബീന, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ സെന്റ്മേരീസ് എൽ പി എസ്സ്, അചനാംകോട്, പാലക്കാട്.
ശ്രീ. എം. എ. ജോസ് കുട്ടി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ സെന്റ്മേരീസ് എൽ പി എസ്സ്, അചനാംകോട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 02-04-2024 10:24:23
സെക്ഷൻ ഓഫീസർ